കൊടുവള്ളിയിൽ ഫെയർസ്റ്റേജ് അല്ലാത്ത ബസ്സുകൾക്ക് ഫെയർ സ്റ്റേജ് ഏർപ്പെടുത്താനുള്ള നടപടി

147 (5367) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഫെയർ സ്റ്റേജ് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) എൻ. എച്ച്. 212-ലെ ദേശസാൽകൃത റൂട്ടിൽ കൊടുവള്ളിയിൽ ഫെയർ സ്റ്റേജ് ഇല്ലാത്ത ബസ്സുകൾക്ക് ഫെയർ സ്റ്റേജ് ഏർപ്പെടുത്താനുള്ള ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത കാര്യത്തിൽ എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ലഭിച്ചിട്ടുണ്ട്

(ഡി) കോഴിക്കോട്-സുൽത്താൻബത്തേരി റൂട്ടിൽ കുന്നമംഗലത്തിനും താമരശ്ശേരിക്കും ഇടയിലാണ് കൊടുവള്ളി സ്ഥിതി ചെയ്യുന്നത്. കൊടുവള്ളിയിൽ നിന്നും താമരശ്ശേരിക്ക് ഏഴ് (7) കി.മീറ്റർ ദൂരമാണുള്ളത്, താമരശ്ശേരിയിൽ നേരത്തെ തന്നെ സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് അനുവദിച്ചിട്ടുണ്ട്. കോഴിക്കോട്- വയനാട് റൂട്ടിന്റെ മദ്ധ്യഭാഗത്തുള്ള കുന്നമംഗലത്ത് ഇപ്പോൾ ഫെയർ സ്റ്റേജ് അനുവദിക്കുകയുണ്ടായി. കുന്നമംഗലവും, കൊടുവള്ളിയും തമ്മിൽ ഏഴ് (7) കി. മീറ്റർ ദൂരമേയുള്ളൂ. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ചുരുങ്ങിയ ദൂരത്തിനുള്ളിൽ വീണ്ടുമൊരു ഫെയർ സ്റ്റേജ് അനുവദിക്കാൻ നിവൃത്തിയില്ല.

ടാർജറ്റ് നേടാത്ത കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

148 (5368) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഒരു കിലോ മീറ്ററിന് എത്ര രൂപ കളക്ഷൻ ലഭിക്കണമെന്നാണ് ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ടാർജറ്റ് നേടാൻ കഴിയാത്ത എത്ര ഷെഡ്യൂളുകൾ സംസ്ഥാനത്ത് ഇപ്പോൾ ഓപ്പറേറ്റ് ചെയ്തു വരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ഷെഡ്യൂളുകൾ ലാഭകരമായി നടത്തുന്നതിന് കെ.എസ്. ആർ.ടി.സി. എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly